# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 26-12-2009 മുതൽ 1-1-2010 വരെ)

## കൊലക്കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തു

പാലാ ടൗണിൽ കുഞ്ഞമ്മ ടവർ എന്ന കെട്ടിടത്തിലെ മുറിയിൽ പലഹാരക്കട നടത്തിവന്ന പരമശിവം എന്നയാളിന്റെ കടയിലെ ജോലിക്കാരൻ അയ്യപ്പനെ 29.12.2009-ന് രാത്രി ഏതോ സമയം ആരോ കല്ലുകൊണ്ടിടിച്ച് കൊലപ്പെടുത്തി. പ്രത്യക്ഷ തെളിവുകൾ ഇല്ലാതിരുന്ന ഈ കേസ്സിൽ പാലാ സർക്കിൾ ഇൻസ്പെക്ട റുടെ നേതൃത്വത്തിലുള്ള പോലീസിന്റെ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി അയ്യപ്പന്റെ കൂട്ടുകാരനും തമിഴ്നാട് സ്വദേശിയുമായ കുമാർ ആണ് അയ്യപ്പനെ കൊലപ്പെടുത്തിയതെന്ന് കണ്ടുപിടിച്ചു. ഇയാളെ 31.12.2009-ന് 6.10 PM-ന് തമിഴ്നാട്ടിൽനിന്നും അറസ്റ്റ് ചെയ്തു.

(Cr. No. 1139/09, KTYM, Pala PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. R. Jayachandran pillai CI, G ASIs 4541, 4345, PCs 5841, 6217, 6717, 6876.

## വാഹന മോഷണം; 4 പേർ അറസ്റ്റിൽ

1-1-2010 തീയതി രാത്രി പാലക്കാട് ടൗൺ നോർത്ത് പോലീസ് നൂറാടി ഭാഗത്ത് വാഹന പരിശോധന നടത്തിവരവെ സംശയാസ്പദമായ സാഹചര്യത്തിൽ ഒലവക്കോട് ഭാഗത്തുനിന്നും പാലക്കാട് ഭാഗത്തേക്ക് വന്ന മാരുതിക്കാർ തടഞ്ഞു നിർത്തി വിശദമായി പരിശോധിച്ചതിൽ വാഹനം മോഷ്ടിച്ചതാണെന്ന് മനസ്സിലായ തിനെത്തുടർന്ന് കാറിലുണ്ടായിരുന്ന മുജീബ് റഹ്മാൻ, രതീഷ്, ശിവൻ, സലീം എന്നിവരെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തതിൽ ഇവർ നിരവധി മോഷണക്കേസിലെ പ്രതികളാണെന്ന് അറിയാൻ കഴിഞ്ഞു.

(Cr. No 1/2010, PKD, Town North PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. A Vipin Das CI, Sri. P.V Ramesh SI, Sri. Ramamachandran ASI, HC 3004, PCs 4024, 5463

## മയക്കുമരുന്ന് പിടിച്ചെടുത്തു; 2 പേർ അറസ്റ്റിൽ

സുൽത്താൻ ബത്തേരി പോലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 31.12.2009 തീയതി 9.25 മണിയോടുകൂടി പുത്തൻകുന്ന് ഭാഗത്തുനിന്ന് അനധികൃതമായി സൂക്ഷിച്ചിരുന്ന 90 Ampules Phenergan, 140 Ampules diazipam, 650 ampules Vupranophin എന്നിവയുമായി ലിസി, ഫിനോസ് എന്നിവരെ അറസ്റ്റുചെയ്തു.

(Cr. No. 1/10, WYND, Sulthan Bathery PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Shyju SI, HC 999, PC 1372, WHC 946

## പിടിച്ചുപറി, വാഹന മോഷണം; രണ്ടുപേർ അറസ്റ്റിൽ

കൊല്ലം ജില്ലയിൽ നിരവധി പിടിച്ചുപറി കേസിലെയും വാഹനമോഷണ കേസിലെയും പ്രതികളായ ദൈവവിളവീട്ടിൽ ഷംനാദ്, അയത്തിൽ സ്വദേശി വിനേഷ് എന്നിവരെ 27.12.2009 രാത്രി പുനലൂരിൽ വച്ച് മോഷ്ടിച്ച ബൈക്കിൽ സഞ്ചരിച്ച് മാല പിടിച്ചുപറിയ്ക്കാൻ ശ്രമിക്കുന്നതിനിടയിൽ പുനലൂർ പോലീസ് അറസ്റ്റ് ചെയ്തു.

(Cr. No. 1265/09, 1269/09 KLM, Punalur PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. S. Thampi SI, Sri. Sani SI, Rajeshkumar SI, GHCs 4772, 4937, HC 4167

## കുപ്രസിദ്ധ അമ്പല മോഷ്ടാക്കൾ അറസ്റ്റിൽ

കുപ്രസിദ്ധ അമ്പല മോഷ്ടാവ് എട്ടടി സന്തോഷ് എന്ന സന്തോഷിനെയും കൂട്ടാളികളായ എറണാകുളം സ്വദേശി റെസി, സഹോദരൻ റെനി, ആലുവ സ്വദേശി വിനോദ്, പാലക്കാട് സ്വദേശി ഷിബു എന്നിവരെ 26.12.09-ന് പുലർച്ചെ 1.30 മണിയോടുകൂടി പൂങ്കുന്നം ഭാഗത്തുനിന്നും തൃശ്ശൂർ വെസ്റ്റ് പോലീസ് പട്രോൾ ഡ്യൂട്ടിക്കിടെ അറസ്റ്റ് ചെയ്തു.

(Cr. No. 965/09, TSR, Thrissur West PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. C.S Shahul hameed CI, Sri. Shaiju SI, Sri. Philip Varghese ASI, GHC 4353, HC 3842, PCs 4372, 5751, 6303

## നിരവധി കേസിലെ പ്രതികൾ അറസ്റ്റിൽ

കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കറങ്ങി നടന്ന് നിരവധി മോഷണങ്ങൾ നടത്തിവന്നിരുന്ന സംഘത്തിലെ അഞ്ച് പേരായ അജീബ്, അൽത്താഫ്, നിസ്സാർ, ബിജു, ഷമീർ എന്നിവരെ കൊല്ലത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും 31.12.2009-ന് ഇരവിപുരം പോലീസ് അറസ്റ്റ് ചെയ്തു.

(Cr. No. 827/09, 506/09 KLM, Eravipuram PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Ramachandran DYSP, Sri. Firos SI, Gopakumar SI, GHCs 3681, 4928, ARPC 5713, 5802

## പിടികിട്ടാപ്പുള്ളി പിടിയിൽ

പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിലെ (LP No.59/2001) കേസിലെ പിടികിട്ടാപ്പുള്ളി കെ.എ. രാജുവിനെ 26.12.2009-ന് രാവിലെ 10 മണിയോടുകൂടി മാത്തൂർ പോലീസ് അറസ്റ്റ് ചെയ്തു.

(PKD, Town South PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Ramachandran ASI, PC 4289